"ഭരണഭാഷ മാതൃഭാഷ"

ജെ3- 7481/17

പഞ്ചായത്ത് ഡയറക്ടർ ആഫീസ്
തിരുവനന്തപുരം.
തീയതി : 24/06/2017

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം:- പഞ്ചായത്ത്വകുപ്പ് - സംസ്ഥാനത്ത് വ്യാപിക്കുന്ന പകർച്ചപ്പനി നിയന്ത്രണവിധേയമാക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1) സർക്കാരിൽ നിന്നുള്ള 16/03/2017ലെ 127/2017/തസ്വഭവ നമ്പർ സർക്കുലർ.
2) സർക്കാരിൽ നിന്നുള്ള 22/05/2017ലെ 161/കെ1/2017/റവന്യു വകുപ്പ് നമ്പർ സർക്കുലർ.
3) സർക്കാരിന്റെ 21/06/2017ലെ സ.ഉ(സാധാ)നം.296/2017/തസ്വഭവ നമ്പർ ഉത്തരവ്
4) 23/06/2017ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി യോഗത്തിലെ നിർദ്ദേശങ്ങൾ

പകർച്ചപ്പനി നിയന്ത്രണവിധേയമാക്കാൻ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി നൽകേണ്ടതാണ്.

തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ആരോഗ്യരംഗത്തെ പ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്തി വാർഡുകൾ തോറും വാർഡ് ജനപ്രതിനിധിയുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ ചേർന്ന് അലോപ്പതി/ആയുർവേദം/ഹോമിയോ മെഡിക്കൽ ഓഫീസർമാർ ജനറൽ കൺവീനർ/ജോയിന്റ് കൺവീനർമാരായും,വാർഡ് തല ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ ഒരു ദ്രുതകർമ്മസേന രൂപികരിക്കേണ്ടതാണ്. അടിയന്തിര കൊതുകുനശീകരണം, രോഗികൾക്ക് വേണ്ടുന്ന ചികിത്സാ സൗകര്യം, പനി പടർന്നുപിടിക്കാതിരിക്കാനുള്ള മുൻകരുതലുകൾ, തുടർപ്രവർത്തനങ്ങൾ എന്നിവ ദ്രുതകർമ്മസേന നടപ്പിലാക്കേണ്ടതാണ്. ഈ മാസം 27-06-2018, 28-06-2018, 29-06-2018 തീയതികളിൽ വിപുലമായ ശുചീകരണയജ്ഞം നടത്തേണ്ടതും, 25 വീടുകൾക്ക് ഒരു സ്ക്വാഡ് എന്ന നിലയ്ക്ക് ഡെങ്കി സ്ക്വാഡുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്. ദ്രുതകർമ്മസേന കൺവീനർമാർ ആഴ്ചതോറുമുള്ള റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് നൽകേണ്ടതാണ്. ടി റിപ്പോർട്ടിൽ പ്രത്യേക പരിഗണന കൊടുക്കേണ്ട മേഖലയുണ്ടെങ്കിൽ ആയത് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

ശുചീകരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ജില്ലാ തലത്തിൽ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, ദ്രുതകർമ്മസേന കൺവീനർമാർ എന്നിവരെ ഉൾപ്പെടുത്തി യോഗങ്ങൾ ചേരേണ്ടതും പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

എം.പി. അജിത് കുമാർ
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ